LIBRARY ARCHIVES Kerala Legislative Assembly

മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങൾ

18 (8078) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മഴക്കാല പൂർവ്വരോഗനിയന്ത്രണത്തിന് നേതൃത്വം നൽകുവാൻ ആലപ്പുഴ നഗരസഭയിൽ എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാണ്;

(ബി) മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി ആലപ്പുഴ നഗരസഭയിൽ കൂടുതൽ ആരോഗ്യപ്രവർത്തകരെ താൽക്കാലികമായി നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ നഗരസഭയുടെ പരിധിയിൽ വരുന്ന ജില്ലാ ആശുപത്രി, ഡബ്ല്യു & സി ആശുപത്രി എന്നിവിടങ്ങളിലായി ആരോഗ്യ വകുപ്പിന്റെ 4 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാണ്. ഇതിൽ 2 പേർ മഴക്കാല പ്രതിരോധ പ്രവർത്തനങ്ങൾക്കായി താൽക്കാലികമായി നിയമിക്കപ്പെട്ടവരാണ്.

(ബി) ആലപ്പുഴ നഗരസഭാ പ്രദേശത്ത് നിലവിലെ സാഹചര്യത്തിൽ ആരോഗ്യ വകുപ്പിന്റെ 4 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നുണ്ട്. അടിയന്തര സാഹചര്യം ഉണ്ടായാൽ കൂടുതൽ ആരോഗ്യ പ്രവർത്തകരെ നിയമിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

മഴക്കാല പൂർവ്വശുചീകരണത്തിനായി ചെലവഴിച്ച തുക

19 (8079) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നടപ്പുസാമ്പത്തിക വർഷം മഴക്കാല പൂർവ്വശുചീകരണത്തിനായി ആരോഗ്യവകുപ്പ് ഓരോ ജില്ലയിലും എത്ര തുക നൽകിയിരുന്നുവെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിനകം ഇതിൽ എത്ര തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.